**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1500** **07-10-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂവകുപ്പിലെ ജനപങ്കാളിത്തവും കാര്യക്ഷമതയും.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിലെ സേവനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തി കാര്യക്ഷമമാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദമാക്കാമോ? | (എ) | റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ - ഗവർണൻസ് സംവിധാനത്തിലൂടെ നൽകുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പരമാവധി സേവനങ്ങൾ ഇ- ഗവർണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നത് വഴി പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേക്ക് നേരിട്ട് പോകാതെ തന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്നു തന്നെ ലഭിക്കുന്നതിനും സാധിക്കുന്നു. സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് വേണ്ടി വരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ പരമാവധി കുറയ്ക്കുവാനും സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികൾ ആകുവാനും സാധിക്കുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നത്. 1. ഇ-ഡിസ്ട്രിക്റ്റ് 2. ആർ.ആർ. ഓൺലൈൻ 3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation) 4. റവന്യൂ ഇ-പെയ്മെന്റ് 5. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം) 6. റവന്യൂ മിത്രം 7. റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ 8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ 9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ 10. FMB ഓൺലൈൻ 11. വില്ലേജ് വെബ്സൈറ്റ് 12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം കൂടാതെ, സുതാര്യവും |

| | | | |
|---|---|---|---|
| | | | ലളിതവുമായി റവന്യൂ സേവനങ്ങൾ നൽകുന്നതിനും റവന്യൂ സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഭാഗഭാക്കാക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികൾക്ക് പുറമെ ചുവടെ ചേർക്കുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 1. റവന്യൂ പോർട്ടൽ 2.വിവരാവകാശം ഓൺലൈൻ : റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മോഡ്യൂൾ 3. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൂടാതെ, എല്ലാ ഭൂമിക്കും കൃത്യമായ രേഖ തയ്യാറാക്കുക, കാലഘട്ടത്തിന് അനുസൃതമായി ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി സംസ്ഥാനത്ത് ഡിജിറ്റൽ മാപ്പുകൾ ലഭ്യമായിട്ടുള്ള 87 വില്ലേജുകളും, നിലവിൽ ഡിജിറ്റൽ സർവെ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും കുറച്ച്, ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, DGPS (Differential Global Positioning System), ETS (Electronic Total Station) എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവെ പൂർത്തിയാക്കുന്നതിനുള്ള പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷിയേറ്റീവിൽ ഉൾപ്പെടുത്തി പദ്ധതി ചെലവായ 807.98 കോടി രൂപയിൽ ₹339.438 കോടി രൂപ ആദ്യ ഘട്ടത്തിൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതും, ജനപങ്കാളിത്തം ഉറപ്പ് വരുത്തി പദ്ധതി ആരംഭിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ